# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1010 — 01/03/2017 -ലെ മറുപടി

## കിളിമാനൂർ കടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ. | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകളിലെ കിളിമാനൂർ കുടിവെള്ള പദ്ധതി നിർമ്മാണം പൂർത്തീകരിച്ചോ എന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധ ജലവിതരണ പദ്ധതി പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 31 കോടി രൂപയാണ്. ഇതിൽ 26.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പുളിമാത്ത്, നഗരൂർ, കരവാരം പദ്ധതിക്ക് തദ്ദേശ സ്ഥാപനം അടിസ്ഥാന സൗകര്യം ലഭ്യമാക്കിയോ; ഗ്രാമീണ കുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) പുളിമാത്ത്, നഗരൂർ, കരവാരം പദ്ധതിക്കാവശ്യമായ പമ്പ്ഹൗസ് നിർമ്മിക്കുന്നതിനും, ജലസംഭരണി നിർമ്മിക്കുന്നതിനും വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക വേണ്ടിയുള്ള ഡി.ഇ.ആർ പുതിയ ഡി.എസ്.ആർ പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) കേരള വാട്ടർ അതോറിറ്റി പദ്ധതികളുടെ ആധുനീകരണത്തിന് എത്ര തുക ചെലവഴിച്ചു; ആറ്റിങ്ങൽ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ; | (സി) പ്ലാൻ ഫണ്ട് ഇനത്തിൽ ഇ-ഗവേണൻസ് ശീർഷകത്തിൽ 2016-17 സാമ്പത്തികവർഷം വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ ആധുനീകരണത്തിനായി 39.93 കോടി രൂപ വിനിയോഗിച്ചു. ആറ്റിങ്ങൽ മണ്ഡലത്തിൽ ആറ്റിങ്ങൽ സബ്ഡിവിഷൻ പരിധിയിൽ വരുന്ന ഓഫീസുകളിൽ ആധുനീകരണത്തിന്റെ ഭാഗമായി ബില്ലിംഗിന് ഇ-അബാക്കസ് സംവിധാനം നടപ്പിലാക്കി. |

| | |
|---|---|
| (ഡി) കരവാരം, കട്ടപ്പറമ്പ്, പൂരവൂർ പുഴക്കടവിലെ മോട്ടോറുകൾ മാറ്റുന്നതിന് നൽകിയ നിവേദനത്തിൽ മാറ്റി നൽകാൻ 23/11/2016 ൽ ജല അതോറിറ്റി എം.ഡി നൽകിയിരുന്ന ഉത്തരവ് പ്രകാരം പ്രസ്തുത മോട്ടോറുകൾ എന്ന് മാറ്റി സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) കരവാരം, കട്ടപ്പറമ്പ് പമ്പ് ഹൗസിൽ പുതിയ രണ്ട് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള 22.50 ലക്ഷം രൂപയുടെ ഭരണാനുമതി 14/02/2017-ൽ നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഉദ്ദേശം നാല് മാസത്തിനകം പമ്പ് സെറ്റുകൾ സ്ഥാപിച്ച് ട്രയൽ റൺ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/